# കേരള സർക്കാർ

## ധനകാര്യ (റൂൾസ്-ബി) വകുപ്പ്

## പരിപത്രം

നം.53/2024/ധന

തീയതി, തിരുവനന്തപുരം, 29.08.2024

വിഷയം :- ധനകാര്യ വകുപ്പ് - 2024 ജൂലൈയിൽ വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സർക്കാർ ജീവനക്കാരുടെ ആർജ്ജിത അവധി സറണ്ടറിൽ നിന്നും തുക ഈടാക്കുന്നത് സംബന്ധിച്ച് - സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന :- 1. 16.03.2024 തീയതിയിലെ സ.ഉ. (പി) നം. 23/2024/ധന
2. 16.08.2024 തീയതിയിലെ സ.ഉ. (പി) നം. 70/2024/ധന

വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സർക്കാർ ജീവനക്കാരുടെ ആർജ്ജിത അവധി സറണ്ടറിൽ നിന്നും തുക ഈടാക്കുന്നത് സംബന്ധിച്ച് സൂചന 2 ലെ ഉത്തരവിന് തുടർച്ചയായി ഒരു പ്രത്യേക കേസായി പരിഗണിച്ച് ചുവടെ ചേർക്കുന്ന സ്പഷ്ടീകരണം/മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

(i) സൂചന 1 ലെ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ പൊതു നിയന്ത്രണങ്ങൾക്ക് വിധേയമായി (പി.എഫ്. ൽ ലയിപ്പിക്കുന്നതിൽ നിന്നോ, പണമായി കൈപ്പറ്റുന്നവർക്ക് ടി തുകയിൽ നിന്നോ) സൂചന 2 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കുറഞ്ഞത് 5 ദിവസത്തേക്കോ, പരമാവധി 30 ദിവസത്തേക്കോ 2024-25 സാമ്പത്തിക വർഷത്തെ ആർജ്ജിത അവധിയുടെ വാർഷിക സറണ്ടർ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകാവുന്നതാണ്. പരമാവധി അനുവദനീയമായതിൽ ബാക്കിയുള്ള ദിവസങ്ങൾ സൂചന 1 ലെ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ പൊതു നിയന്ത്രണങ്ങൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷം തന്നെ ഒരു തവണ കൂടി സറണ്ടർ ചെയ്യാവുന്നതാണ്.

(ii) 2024-25 സാമ്പത്തിക വർഷം ആർജ്ജിത അവധിയുടെ വാർഷിക സറണ്ടർ ഇതിനകം പരമാവധി (30 ദിവസത്തേക്ക്) ഉപയുക്തമാക്കിയ ജീവനക്കാർക്ക് ഈ ആവശ്യത്തിലേക്കായി വീണ്ടും സറണ്ടർ അനുവദനീയമല്ല. എന്നാൽ അനുവദനീയമായ പരമാവധി സറണ്ടർ ഉപയുക്തമാക്കിയിട്ടില്ലാത്ത ജീവനക്കാർക്ക് കുറഞ്ഞത് 5 ദിവസത്തേക്കും, വാർഷിക സറണ്ടർ പരിധി 30 എന്ന വ്യവസ്ഥയിലും ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് മാത്രമായി ആർജ്ജിത അവധിയുടെ വാർഷിക സറണ്ടർ നടപ്പ് സാമ്പത്തിക വർഷം ഒരു തവണ കൂടി അനുവദിക്കാവുന്നതാണ്.

(iii) ഈ ക്രമീകരണങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം (2024-25) മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(iv) ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് ഇതിലേക്കായി ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്.

(v) മേൽ നിർദ്ദേശങ്ങൾ എല്ലാ ഓഫീസ് തലവൻമാരും, ട്രഷറി ഓഫീസർമാരും, ഡി.ഡി.ഒ. മാരും, വകുപ്പ് മേധാവികളും കൃത്യമായി പാലിക്കേണ്ടതാണ്. ഇതിൽ വരുത്തുന്ന വീഴ്ച സർക്കാർ ഗൗരവമായി കണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ലക്ഷ്മി രഘുനാഥൻ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II ), കേരള, തിരുവനന്തപുരം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ.
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർ.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
കേരളത്തിലെ എല്ലാ സർവകലാശാല രജിസ്ട്രാർമാർ.
എല്ലാ സർക്കാർ കമ്പനികളുടേയും / ബോർഡ് / കോർപ്പറേഷനുകൾ / പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർ / ജനറൽ മാനേജർക്കും.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E: 2886899, FUNDS-1/71/2024-FIN)

**ഉത്തരവിൻ പ്രകാരം**

**അക്കൗണ്ട്സ് ഓഫീസർ**